(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി ക്ഷേമപദ്ധതികൾക്കായി കേന്ദ്രഗവൺമെന്റിൽനിന്നും എത്ര തുക ലഭ്യമായെന്നും ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ വരെ പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി പ്രതിവർഷം പട്ടികജാതി വികസന വകുപ്പ് നീക്കിവച്ച തുക ചുവടെ ചേർക്കുന്നു:

വർഷം	തുക (ലക്ഷത്തിൽ)
2011-12	43116.5
2012-13	54975
2013-14	83950
2014-15	103442
2015-16	104092

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയുള്ള പട്ടികജാതി ക്ഷേമ പദ്ധതികൾ, നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവ അനുബന്ധം-1 ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു*.

(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി ക്ഷേമപദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റിൽനിന്നും എത്ര തുക ലഭ്യമായെന്നും ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചെന്നും അനുബന്ധം-2-ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു*.

പട്ടികജാതി കോളനി നവീകരണ പദ്ധതി

344 (1033) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി കോളനി നവീകരണ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കുമോ ;

(ബി) സർക്കാർ ഇതുവരെ ലക്ഷ്യമിട്ടതും പ്രവൃത്തി പൂർത്തീകരിച്ചതുമായ കോളനികൾ എത്രയെന്നറിയിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി പ്രകാരം ചെയ്ത പ്രവൃത്തികളും അതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കുമോ ;

(ഡി) പട്ടികജാതി കോളനികളെയെല്ലാം എന്നത്തേക്ക് സ്വയംപര്യാപ്ത ആവാസ കേന്ദ്രങ്ങളായി ഉയർത്താൻ സാധിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; പദ്ധതിയുടെ രൂപരേഖ നൽകുമോ ?

ഉത്തരം

(എ) സാധിച്ചിട്ടില്ല. കോളനി നിവാസികളുടെ നിസ്സഹകരണം, കോളനിയിലെ സ്ഥല ലഭ്യതക്കുറവ്, എസ്റ്റിമേറ്റിൽ വരുന്ന മാറ്റങ്ങൾ എന്നിവ മൂലാന്തരം കോളനികളുടെ നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

(ബി) 2012-13 സാമ്പത്തിക വർഷം 113 കോളനികളും 2013-14 വർഷം 102 കോളനികളും പദ്ധതിയിൻകീഴിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുത്ത 215 കോളനികളിൽ 19 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി&ഡി) 2012-13-ൽ തെരഞ്ഞെടുത്ത 113 കോളനികളുടെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ആകെ 69,64,10,523 രൂപയും (അറുപത്തിയൊൻപത് കോടി അറുപത്തിനാല് ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം) 2013-14-ൽ തെരഞ്ഞെടുത്ത 102 കോളനികളുടെ വികസനങ്ങൾക്കായി നാളിതുവരെ 24,78,40,898 രൂപയും (ഇരുപത്തിനാല് കോടി എഴുപത്തിയെട്ട് ലക്ഷത്തി നാല്പതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിലെ വികസന പ്രവർത്തനങ്ങൾ 2015-16 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബന്ധപ്പെട്ട ഏജൻസികൾക്ക് പണി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2008-ൽ കില നടത്തിയ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അമ്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന കോളനികളെയാണ് പട്ടികജാതി സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിരിക്കുന്നത്. ഗവൺമെന്റ് അംഗീകൃത അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയാണ് വികസന പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. ബന്ധപ്പെട്ട എം.എൽ.എ./എം.പി.-യാണ് ഏജൻസികളെ തീരുമാനിക്കുന്നത്. ഒരു കോളനിക്ക് ഒരു കോടി രൂപയാണ് അനുവദിക്കുന്നത്. പട്ടികജാതി കോളനികളിലെ നവീകരണ പദ്ധതി പ്രകാരം താഴെ പറയുന്ന വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്:

1352/2017

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1. കോളനിക്കുള്ളിലെ റോഡ്/ നടപ്പാതകളുടെ നിർമ്മാണം
2. ആശയ വിനിമയ സൗകര്യം
3. ഡ്രെയിനേജ് സൗകര്യങ്ങൾ
4. കുടിവെള്ള പദ്ധതികൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സാനിറ്റേഷൻ
7. മാലിന്യ നിർമ്മാർജ്ജനം
8. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/ കളിസ്ഥലം മുതലായവ
9. സ്ഥലം വികസിപ്പിക്കൽ/ സംരക്ഷണഭിത്തി നിർമ്മാണം
10. സോളാർ തെരുവു വിളക്ക്
11. ഭവന പുനരുദ്ധാരണം
12. അടുക്കളത്തോട്ടം
13. വരുമാനദായക പദ്ധതി/ മൃഗസംരക്ഷണം ഹോർട്ടികൾച്ചർ/ വീവിങ്ങ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)
14. കോളനിയിലേക്ക് ആവശ്യമായിട്ടുള്ള മറ്റ് വികസന പ്രവർത്തനങ്ങൾ

സ്വയംതൊഴിൽ സംരംഭങ്ങൾ

345 (1034) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം സഹായ സംഘങ്ങൾ മുഖേന പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണ് പദ്ധതി ആവിഷ്കരിച്ചത് ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക വീതം ഓരോ വർഷവും നീക്കി വച്ചിരുന്നുവെന്നും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര സംഘങ്ങൾക്ക് എത്ര വീതം തുക അനുവദിച്ചെന്ന് സംഘം തിരിച്ച് വ്യക്തമാക്കുമോ ;